# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യഭൂമിയിൽ മരം വച്ച് പിടിപ്പിക്കുന്നവർക്ക് ധനസഹായം</u>

7758 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യഭൂമിയിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്നവർക്ക് ധനസഹായത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>വനദീപ്തി പദ്ധതി</u>

7759 ശ്രീ. എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>വനവിഭവങ്ങൾ ശേഖരിക്കാൻ പരിശീലനം</u>

7760 ശ്രീ.എം. പി. വിൻസെന്റ്
,, ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ ആദിവാസികൾക്ക് പരിശീലനം നൽകുമോ;

(ബി) വനവിഭവങ്ങൾക്ക് ന്യായവില ലഭിക്കുവാൻ വനം വകുപ്പു സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) വനവിഭവങ്ങൾ ഏതൊക്കെ സംവിധാനങ്ങളിലൂടെയാണ് വനംവകുപ്പ് സംഭരിക്കുന്നത്?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വന സംരക്ഷണവും ആധുനികവത്ക്കരണവും</u>

7761 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന ആധുനിക സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകൾ ഏതെല്ലാം; ഇത്തരം സോഫ്റ്റ്വെയറുകളിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പ്രസ്തുത സോഫ്റ്റ്വെയറുകൾ ഡവലപ്പ് ചെയ്യുന്നതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നും ഇത് ഏത് അംഗീകൃത ഏജൻസിയാണ് ഡവലപ്പ് ചെയ്തതെന്നും വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി അംഗീകൃത ഏജൻസികളിൽനിന്നും വാങ്ങിയ കമ്പ്യൂട്ടറുകളുടെ വിശദാംശവും ആയതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കേരളത്തിന്റെ വനവിസ്തൃതി</u>

7762 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2013-2014 വരെയുള്ള കാലഘട്ടത്തിലെ വർഷം തിരിച്ചുള്ള കേരളത്തിന്റെ വനവിസ്തൃതിയുടെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വനവിസ്തൃതി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വനമേഖലയുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ</u>

7763 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി.ഡി. ദേവസ്സി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലയുടെ സംരക്ഷണാർത്ഥം ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലക്കായി ഉൾക്കൊള്ളിച്ച തുകയിൽ പുതിയ പദ്ധതികൾക്കായി കരുതിയ തുക എത്രയായിരുന്നു; ഇതിനകം എന്തു തുക ചെലവഴിച്ചു;

(സി) പ്രഖ്യാപനം അനുസരിച്ച് എത്ര ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി; എത്ര മഴ നിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കുകയുണ്ടായി;

(ഡി) പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിച്ചു; മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിച്ചതെവിടെയാണ്; എത്ര പേരെ ടൂറിസ്റ്റ് ഗൈഡുകളാക്കുകയുണ്ടായി;

(ഇ) മേല്പറഞ്ഞ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>വനം കയ്യേറ്റം</u>

7764 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം, കടന്നുകയറ്റം, വേട്ടയാടൽ തുടങ്ങിയവ സംബന്ധിച്ച ധാരാളം പരാതികൾ വനംവകുപ്പിൽ കെട്ടിക്കിടക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും കെട്ടിക്കിടക്കുന്ന പരാതികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; വിശദാംശം നൽകാമോ;

(ഡി) ഓരോ ജില്ലയിലും എത്ര വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചു; എത്ര വനഭൂമി തിരിച്ചു പിടിച്ചു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി</u>
<u>നട്ടുപിടിപ്പിക്കുന്ന ഫലവൃക്ഷത്തൈകൾ</u>

7765 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി ഏതെല്ലാം ഫലവൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നത്; വിശദമാക്കുമോ;

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കാലപ്പഴക്കം ചെന്ന വഴിയോരമരങ്ങൾ മുറിച്ച് പുതിയ വൃക്ഷ തൈകൾ നടുന്നതിനുള്ള പദ്ധതി</u>

7766 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഴിയോരങ്ങളിൽ നിൽക്കുന്ന കാലപ്പഴക്കംചെന്ന മരങ്ങൾ വീണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര പേർക്ക് അപകടം/പരിക്കുകൾ സംഭവിച്ചിട്ടുണ്ട് എന്നറിയാമോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) കാലപ്പഴക്കംചെന്ന വഴിയോരമരങ്ങൾ യഥാസമയം മുറിച്ച് മാറ്റാത്തത് കാരണം ആൾനാശം കൂടാതെ വാഹന നാശം മുതലായ മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അപകടങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) കാലപ്പഴക്കം ചെന്ന വഴിയോരമരങ്ങൾ മുറിച്ച് മാറ്റി പുതിയ വൃക്ഷതൈകൾ നടുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ പാട്ടഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട സിബിഐ അന്വേഷണം</u>

7767 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ
,, എം. ചന്ദ്രൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ പാട്ടഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട സിബിഐ അന്വേഷണം നടക്കുന്നതായി വനം വകുപ്പിന് അറിയാമോ;

(ബി) സിബിഐ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും രജിസ്റ്റർ ചെയ്ത കേസിലെ പ്രതികൾ അരെല്ലാമാണ് എന്നും അറിയാമോ; ആവശ്യമായ ഫയലുകൾ വനം വകുപ്പ് സിബിഐ ക്ക് കൈമാറിയിട്ടുണ്ടോ;

(സി) അന്വേഷണത്തിന്റെ ഭാഗമായി സിബിഐ വകുപ്പിനോട് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായിട്ടുണ്ട്; അവയെല്ലാം നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ വനഭൂമിയും തോട്ടങ്ങളും വീണ്ടെടുക്കാനുള്ള നടപടി</u>

7768 ശ്രീ. എ. കെ. ബാലൻ
,, വി. ചെന്താമരാക്ഷൻ
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ചതുൾപ്പെടെയുള്ള നെല്ലിയാമ്പതിയിലെ വനഭൂമിയും തോട്ടങ്ങളും വീണ്ടെടുക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നെല്ലിയാമ്പതിയിൽ വനഭൂമിയോ തോട്ടങ്ങളോ അല്ലാതെ സ്വകാര്യ തോട്ടങ്ങളോ സ്വകാര്യഭൂമിയോ നിലവിലുണ്ടോ;

(സി) 1863 മുതൽ വിവിധ തീയതികളിൽ നെല്ലിയാമ്പതിയിലെ ഭൂമി പാട്ടത്തിന് നൽകിയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും തെളിവുകളും സുപ്രീംകോടതി വിധികളും മറ്റ് രേഖകളും കൈവശമുണ്ടോ;

(ഡി) പാട്ടത്തിനെടുത്ത വനഭൂമി കാലാവധി കഴിയുന്ന മുറയ്ക്ക് തിരിച്ചേൽപ്പിക്കാൻ പാട്ടത്തിനെടുത്തവർ നിയമപരമായി ബാധ്യസ്ഥരാണോ; തിരിച്ചേൽപ്പിച്ചില്ലെങ്കിൽ ആയത് തിരിച്ചുപിടിക്കാൻ ബാധ്യതയില്ലേ എന്നു വെളിപ്പെടുത്താമോ;

(ഇ) എങ്കിൽ തോട്ടങ്ങൾ സംബന്ധിച്ച കേസ്സുകളിൽ സർക്കാർ ഭാഗം തോറ്റുകൊണ്ടിരിക്കുന്നതായ ആക്ഷേപം എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിൽ സംരക്ഷണം

7769 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ഏതെല്ലാം തോട്ടങ്ങളാണ് സർക്കാർ ഏറ്റെടുത്തത് എന്ന് വിശദമാക്കുമോ;

(ബി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിൽ നിലവിൽ എത്ര തൊഴിലാളികളാണ് ഉള്ളതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അതിർത്തി പുനർനിർണ്ണയം

7770 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അതിർത്തി പുനർനിർണ്ണയം നടത്തിയത് ഏത് വർഷമാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏസ്റ്റേറ്റുകളുടെ അതിർത്തി പുനർനിർണ്ണയമാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഒരോ എസ്റ്റേറ്റും കൈവശംവെച്ച ഭൂമിയുടെ അളവ് സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(ഡി) നെല്ലിയാമ്പതിയിൽ സമഗ്രമായ റവന്യൂ- ഫോറസ്റ്റ് സംയുക്ത സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സംയുക്ത സർവ്വേ നടത്തി തോട്ടങ്ങളുടെ അതിർത്തി പുനർനിർണ്ണയം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>ഇടമലക്കുടി ആദിവാസി കോളനി ഏലം കൃഷി പദ്ധതി ക്രമക്കേടുകൾ</u>

7771 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടി ആദിവാസി കോളനികളിൽ നടത്തിയ ഏലം കൃഷി പദ്ധതിയിലെ അഴിമതിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് മറ്റേതെങ്കിലും വകുപ്പിൽ ഉയർന്ന ചുമതല നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇടമലക്കുടി ആദിവാസി കോളനി ഏലം കൃഷി പദ്ധതിയുടെ കേസ്, പോലീസ് വിജിലൻസ് വിഭാഗം അന്വേഷിച്ചിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ വിവരം എന്തെന്നും ഈ കേസ് വീണ്ടും വിജിലൻസ് വിഭാഗം അന്വേഷിക്കണമെന്ന വനം വകുപ്പിന്റെ ശുപാർശ വിജിലൻസ് തിരിച്ചയച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കുവാനുള്ള അധികാരവും അതിനനുസരിച്ചുള്ള സംവിധാനവും വനം വകുപ്പിനുണ്ടോ എന്നും വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

ക്രിമിനൽ കേസുകളിൽ പ്രതികളായ
വനംവകുപ്പ് ഉദ്യോഗസ്ഥർ

7772 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ക്രിമിനൽ കേസിൽ പ്രതികളായ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിലെ ജീവനക്കാർ പ്രതികളായ ക്രിമിനൽ കേസുകളിൽ വിചാരണ പൂർത്തിയാക്കി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കേസുകളുടെ വിവരവും ഇനിയും വിചാരണ ആരംഭിക്കാത്ത കേസുകളുടെ വിവരവും വ്യക്തമാക്കുമോ;

(സി) വനം വകുപ്പിലെ ക്രിമിനൽ കേസിൽ പ്രതികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ നൽകാത്തതായി ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ;

(ഡി) കുറ്റവാളികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ ആവശ്യമില്ലെന്ന സുപ്രീം കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ച് എന്തു നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്നും ഇതനുസരിച്ച് തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ യെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിനുള്ള നടപടിക്രമം</u>

7773 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ജീവനക്കാരെ പ്രതിനിധീകരിക്കുന്ന എത്ര സംഘടനകളാണ് നിലവിലുള്ളതെന്നും ഇതിൽ ഏതൊക്കെ സംഘടനകൾക്കാണ് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വനം വകുപ്പിൽ ഡെപ്യൂട്ടി റെയ്ഞ്ചർ തസ്തികയിലുള്ള ജീവനക്കാർ സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് വനം വകുപ്പ് മേധാവി വഴി നൽകിയ അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി അംഗീകാരത്തിനായി ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ഫോറസ്റ്റ് റേഞ്ചർ തസ്തിക

7774 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് റേഞ്ചർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ബി) എത്ര ഒഴിവുകൾ പി.എസ്.സിക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(സി) ടി തസ്തികയ്ക്ക് അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ഡി) ശാരീരിക ക്ഷമത സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എ-സ്റ്റാർ ശാരീരിക ക്ഷമതാ നിലവാരം റേഞ്ചർ തസ്തികക്ക് ശുപാർശ ചെയ്തിട്ടുണ്ടോ;

(എഫ്) റേഞ്ചർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് എ-സ്റ്റാർ ശാരീരിക ക്ഷമത യോഗ്യതയായി കണക്കാക്കണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പറമ്പിക്കുളത്തേക്കുള്ള റോഡു സൗകര്യം</u>

7775 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തേക്ക് പോകുന്നതിന് കേരളത്തിലൂടെ നിലവിൽ റോഡ് സൗകര്യം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാടിന്റെ റോഡുകളെ ആശ്രയിച്ച് എത്ര കാലം പറമ്പിക്കുളത്തേക്ക് പോകാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പറമ്പിക്കുളം വനമേഖലയിലേയ്ക്ക് കേരളത്തിലൂടെ പോകുന്നതിന് ആവശ്യമായ റോഡ് സൗകര്യം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ നിന്നും സാമൂഹ്യവനവത്കരണ പദ്ധതിക്ക് കൈമാറിയ ഭൂമി സംബന്ധിച്ച വിവരം

7776 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യ വനവത്കരണ പ്രവർത്തിക്കായി കൊളാത്തൂർ വില്ലേജിലെ R.S.No.11/1 ബിയിൽപ്പെട്ട 09.2069 ഹെക്ടർ സ്ഥലം G.O.(MS)No.147/86/RD/ ഉത്തരവു പ്രകാരം സോഷ്യൽ ഫോറസ്ട്രിക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) മേൽസ്ഥലം സോഷ്യൽ ഫോറസ്ട്രിക്ക് കൈമാറി ഉത്തരവ് നൽകിയിട്ട് എത്ര വർഷമായി ;

(സി) പ്രസ്തുത സ്ഥലം സോഷ്യൽ ഫോറസ്ട്രി ഏറ്റെടുത്ത് സാമൂഹ്യവനവത്ക്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത സ്ഥലം സോഷ്യൽ ഫോറസ്ട്രിക്ക് ആവശ്യമില്ലായെന്ന് അറിയിച്ച് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

## അതിരപ്പിള്ളി പ്രവേശന പാർക്കിംഗ് ഫീസ്

7777 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം 10 ലക്ഷത്തോളം ടൂറിസ്റ്റുകൾ സന്ദർശകരായി എത്തുന്ന അതിരപ്പിള്ളിയിൽ ടൂറിസ്റ്റുകളിൽനിന്നും പ്രവേശനഫീസായും, പാർക്കിംഗ് ഫീസായും എത്ര സംഖ്യയാണ് അതിരപ്പിള്ളി വനസംരക്ഷണ സമിതി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളത്;

(ബി) ഇങ്ങനെ ശേഖരിക്കുന്ന തുകയിൽ നിന്നും ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ഇതിനായി കൂടുതൽ തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

**കല്പറ്റ മണ്ഡലത്തിലെ വനം-റവന്യു വകുപ്പുകളുടെ സംയുക്ത പരിശോധന**

7778 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.06.2013-ൽ കൂടിയ യോഗ നടപടിപ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്നതിന്റെ വില്ലേജ് തല വിശദാംശം ലഭ്യമാക്കുമോ :

(ബി) പ്രസ്തുത യോഗ തീരുമാനപ്രകാരം റീ സർവ്വെയിൽ അധികം വന്ന വനഭൂമി റവന്യൂ ഭൂമിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം</u>

7779 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നല്‍കാന്‍ എന്തെല്ലാം വ്യവസ്ഥകളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>ഇ.എഫ്.എൽ. നിയമത്തിൽ ഭേദഗതി</u>

7780 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം
,, ജെയിംസ് മാത്യൂ
ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ളതാണ് ഇ.എഫ്.എൽ. നിയമത്തിൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതികൾ എന്ന് വെളിപ്പെടുത്താമോ; ഇതിനായി എന്തെങ്കിലും പഠനം നടത്തുകയോ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വാങ്ങുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇ.എഫ്.എൽ. നിയമത്തിൻ കീഴിലുണ്ടായിരുന്ന ഭൂമി എത്രയായിരുന്നു; ഇപ്പോഴത് എത്രയായി കുറഞ്ഞിട്ടുണ്ട്; ഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി അത് എത്രയായി കുറയുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്ക് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; മിനിട്സ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ഇ- വെയ്സ്റ്റ് ഡിസ്പോസൽ സംവിധാനം</u>

7781 ശ്രീ.എം. പി. വിൻസെന്റ്
,, എ. പി. അബ്ദുളളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ- വേയ്സ്റ്റ് ഡിസ്പോസൽ നടത്തുന്നതിന് പരിസ്ഥിതി വകുപ്പ് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) ഇ- വേയ്സ്റ്റ് റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നതിനുളള പദ്ധതികൾക്ക് പ്രോത്സാഹനം നൽകുമോ;

(സി) പാരിസ്ഥിതിക സംതുലനാവസ്ഥ തകർക്കുന്നതിൽ ഇ-വേയ്സ്റ്റ് എന്തു പങ്കാണ് വഹിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

പരിസ്ഥിതി- തീരസംരക്ഷണ നിയമം മറികടന്ന് നിർമ്മാണ പ്രവർത്തനം

7782 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി-തീരസംരക്ഷണ നിയമം മറികടന്ന് ഫ്ളാറ്റും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നത് സംബന്ധിച്ച് എത്ര പരാതികൾ പരിസ്ഥിതി വകുപ്പിന് ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം നിർമ്മാണ പ്രവർത്തികൾ സംബന്ധിച്ചാണ് പരാതി ലഭിച്ചത്;

(സി) ഈ പരാതികളിന്മേൽ ഓരോ നിർമ്മാണ പ്രവർത്തനത്തെയും സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഏതെല്ലാം പ്രവർത്തികൾ സംബന്ധിച്ച് വിജിലൻസ് അടക്കമുള്ള പുതിയ അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവർത്തികൾ നിറുത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉള്ള വിവരം നൽകുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>ആഗോളതാപനത്തെ ചെറുക്കുന്നതിനുള്ള പുതിയ പദ്ധതികൾ</u>

7783 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആഗോളതാപനം-മരമാണ് മറുപടി' എന്ന സന്ദേശമുയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ മരംനടൽ പദ്ധതി ഈ സർക്കാർ തുടരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിന്റെ ഭാഗമായി എത്ര മരങ്ങൾ നട്ടുയെന്ന് വ്യക്തമാക്കുമോ;

(സി) ആഗോളതാപനത്തെ ചെറുക്കുന്നതിനുള്ള വനം വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ആഗോളതാപനം</u>

7784 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തിന്റെ ഫലമായി സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനങ്ങളും, പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് ഏതെങ്കിലും വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ അവയുടെ കണ്ടെത്തലുകൾ എന്തൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ;

(ബി ആഗോളതാപനത്തിന്റെ ആഘാതം സംസ്ഥാനത്ത് അനുഭവപ്പെടുന്നത് ഗണ്യമായി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>കുറ്റ്യാടി ഫോറസ്റ്റ് റേഞ്ച് പരിധിയിലെ</u>
<u>ഇ.എഫ്.എൽ. കേസുകൾ</u>

7785 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഫോറസ്റ്റ് റേഞ്ചിന്റെ പരിധിയിൽ ഇ.എഫ്.എൽ. ഭൂമി സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കേസുകളും എടുക്കാനുണ്ടായ കാരണവും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ</u>

7786 ശ്രീ. ജി. സുധാകരൻ
,, സാജു പോൾ
,, റ്റി. വി. രാജേഷ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഗെയിംസ് നടത്തിപ്പിനു പ്രതീക്ഷിക്കുന്ന ബജറ്റ് തയ്യാക്കപ്പെട്ടത് എവിടെയാണ്; അന്തിമമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം നിലയിൽ ഏതെല്ലാം വരവുകൾ പ്രതീക്ഷിക്കുന്നു; കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ എത്രയാണ്?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>നാഷണൽ ഗെയിംസിൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടക്കുന്ന കായിക മത്സരങ്ങൾ</u>

7787 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഏതെല്ലാം കായികയിനങ്ങളുടെ മത്സരങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം തീയതികളിലാണ് ഇവിടെ മത്സരങ്ങൾ നടക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ ശ്രദ്ധേയപ്രകടനം കാഴ്ചവച്ച മലയാളി താരങ്ങൾക്കുള്ള സമ്മാന വിതരണം

7788 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദേശീയ മത്സരങ്ങളിൽ ശ്രദ്ധേയപ്രകടനം കാഴ്ചവച്ച മലയാളി താരങ്ങൾക്കുള്ള സർക്കാർ പ്രഖ്യാപിച്ച സമ്മാന തുകകൾ മുഴുവനും വിതരണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഇനത്തിൽ കുടിശിക ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ആർക്കൊക്കെ എത്ര തുകയാണ് നൽകാനുള്ളതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ടോം ജോസഫിന് അർജുന അവാർഡ്</u>

7789 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളീയനും പ്രശസ്ത ഇന്ത്യൻ വോളിബോൾ താരവുമായ ശ്രീ. ടോം ജോസഫിന് അർജുന അവാർഡ് ലഭിക്കാതെവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രീ. ടോം ജോസഫിന് അർജുന അവാർഡ് ഉൾപ്പെടെ അർഹതയുള്ള അംഗീകാരങ്ങൾ ലഭിക്കുന്നതിന് ശുപാർശ ചെയ്യുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>ജിംനാസ്റ്റിക് താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട പ്രവേശനം</u>

7790 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ നടപടി മൂലം ജിംനാസ്റ്റിക് താരങ്ങൾക്ക് പ്ലസ് വൺ, ഡിഗ്രി പ്രവേശനത്തിന് ഗ്രേസ് മാർക്കും സ്പോർട്സ് ക്വാട്ട പ്രവേശനവും നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1985 മുതൽ പ്രവർത്തിച്ചുവരുന്നതായ സ്റ്റേറ്റ് ജിംനാസ്റ്റിക് അസോസിയേഷൻ സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ നടത്തി അതിൽ വിജയിച്ച കുട്ടികൾക്ക് സ്പോർട്സ് ക്വാട്ട ആനുകൂല്യം നൽകുന്ന ആവശ്യവുമായി സ്പോർട്സ് കൗൺസിലിനെ സമീപിച്ചിരുന്നുവോ ; സ്പോർട്സ് കൗൺസിൽ എടുത്ത നിലപാട് വെളിപ്പെടുത്തുമോ ;

(സി) അസോസിയേഷനുകളിൽ തർക്കങ്ങളുണ്ടാകുമ്പോൾ കായികതാരങ്ങളുടെ ഭാവിയെ അത് ബാധിക്കരുതെന്ന തീരുമാനം ഉണ്ടായിരുന്നുവോ ; എങ്കിൽ അത് മാനിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>മാവേലിക്കരയിൽ പുതിയ സ്റ്റേഡിയം നിർമ്മാണം</u>

7791 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ സ്റ്റേഡിയം ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നല്കിയാൽ സ്റ്റേഡിയത്തിനുള്ള തുക അനുവദിക്കുമോ;

(സി) മൾട്ടിപ്ലക്സ് സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം നവീകരിക്കാൻ നടപടി</u>

7792 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നവീകരണ പദ്ധതി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി സ്പോർട്സ് കൗൺസിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ;

(സി) സ്റ്റേഡിയം സ്പോർട്സ് ആവശ്യങ്ങൾക്കായി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സിനിമാ പ്രതിസന്ധി</u>

7793 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ പ്രതിസന്ധി പരിഹരിക്കുവാൻ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) സിനിമാ മേഖല നേരിടുന്ന പ്രതിസന്ധികൾ ഏതെല്ലാമെന്നും അവയ്ക്കുള്ള പരിഹാരം കാണാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>ആധുനിക തിയേറ്റർ സമുച്ചയ നിർമ്മാണം</u>

7794 ശ്രീ. ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുതും വലുതുമായി ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാക്കുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>ചലച്ചിത്ര അവാര്‍ഡും വിവാദങ്ങളും</u>

7795 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-ലെ സംസ്ഥാന ചലച്ചിത്ര അവാര്‍ഡ് വിതരണവും അത് സംബന്ധിച്ച വിവാദങ്ങളും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സിനിമ കാണാതെയാണ് ജൂറി അവാര്‍ഡ് പ്രഖ്യാപനം നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വിവാദങ്ങള്‍ ആവര്‍ത്തിക്കാതിരിക്കാന്‍ എന്തെങ്കിലും നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടുണ്ടോ;

(ഡി) അടുത്ത വര്‍ഷം മുതല്‍ അവാര്‍ഡിനായി സമര്‍പ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ മേന്മ പരിശോധിക്കുന്നതിനും ഓരോ ചിത്രത്തേക്കുറിച്ചും ജൂറിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനും സുതാര്യമായ മൂല്യനിര്‍ണ്ണയ രീതികള്‍ സംബന്ധിച്ച അഭിപ്രായ രൂപീകരണത്തിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പന്തൽ സൗണ്ട് മേഖലകളിൽ പ്രവർത്തിക്കുന്നവരെ സാംസ്കാരിക പ്രവർത്തകക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

7796 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പന്തൽ, സൗണ്ട് മേഖലകളിൽ പ്രവർത്തിക്കുന്നവരെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ഈ ആനുകൂല്യം എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക തകർച്ച പരിഹരിക്കാൻ നടപടി</u>

7797 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന സമ്പത്തിക തകർച്ച പരിഹരിക്കാൻ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിധത്തിലാണ് എന്നുള്ള വിശദവിവരം നൽകാമോ; പുതുതായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുമ്പോഴും അതിലൂടെ ഉണ്ടായേക്കാവുന്ന വരുമാന ചോർച്ച തടയുന്നതിനുള്ള മുൻകരുതൽ നടപടി സ്വീകരിക്കുമോ;

(സി) ചെലവ് ചുരുക്കാനും കുറ്റമറ്റ രീതിയിലുള്ള ടെണ്ടറിംഗ്, പർച്ചേസ്, പരസ്യം നൽകൽ തുടങ്ങിയ ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയം

7798 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' പി. സി. വിഷ്ണുനാഥ്
'' ഡൊമിനിക് പ്രസന്റേഷൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാന കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കാൻ ഈ പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) എല്ലാ ബസ്സ് സ്റ്റേഷനുകളിലും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കേന്ദ്ര ആസൂത്രണ ബോർഡിന്റെ ശുപാർശകൾ</u>

7799 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാനായി കേന്ദ്ര ആസൂത്രണബോർഡ് നിയോഗിച്ച സബ്കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കേന്ദ്ര ആസൂത്രണബോർഡ് നിയോഗിച്ച സബ്കമ്മിറ്റി ശുപാർശകൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്താമോ;

(സി) ഈ ശുപാർശകൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്ന ഡീസൽ, ബസ്സ്ഷാസി, സ്പെയർപാർട്സ്, ടയർ എന്നിവയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈടാക്കുന്ന എക്സൈസ്, വിൽപന നികുതികൾ ഒഴിവാക്കുകയോ നാമമാത്രമാക്കുകയോ വേണമെന്ന പ്ലാനിംഗ് കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ</u>

7800 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന പുതിയ ഒരു കമ്പനി കെ.എസ്.ആർ.ടി.സി യ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിന്റെ പ്രാരംഭ നടപടികൾ ഏതുവരെയായി എന്ന് അറിയിക്കുമോ;

(ഡി) നിലവിൽ ജൻറം ബസ്സുകൾ ലാഭത്തിലാണോ സർവ്വീസുകൾ നടത്തിവരുന്നത്; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യുടെ സൂപ്പർക്ലാസ് സർവ്വീസുകൾ</u>

7801 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി സൂപ്പർ ക്ലാസ് സർവ്വീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സർവ്വീസുകൾ ഏതെല്ലാം റൂട്ടുകളിൽ എന്നും എത്ര ബസ്സുകൾ ഇതിനായി ക്രമീകരിക്കുമെന്നും അറിയിക്കുമോ;

(സി) ഇത്തരം സർവ്വീസുകളിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് യാത്രക്കാർക്കായി ഒരുക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ ബസ്സുകളിൽ യാത്രക്കാർക്ക് എത്ര ശതമാനം ഫെയറാണ് അധികമായി നൽകേണ്ടിവരികയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

അന്തർ സംസ്ഥാന സർവീസുകളിലെ യാത്രാ സൗജന്യം

7802 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവീസുകളിൽ ഏതൊക്കെ വിഭാഗക്കാർക്കാണ് യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിൽ ജീവനക്കാർ, പത്രപ്രവർത്തകർ മറ്റ് ഏതെല്ലാം വിഭാഗത്തിലുള്ളവർക്കാണ് യാത്രാ സൗജന്യം അനുവദിക്കുന്നത്; നിലവിൽ നൽകിയിട്ടുള്ള ഇത്തരം സൗജന്യ യാത്രാ പാസിന്റെ എണ്ണം പട്ടികതിരിച്ച് നൽകുമോ;

(സി) ഇവർക്ക് യാത്രാ സൗജന്യം നൽകുന്നതിന്റെ മാനദണ്ഡം എന്താണ്; ഇനിയും ആരെയൊക്കെയാണ് ഇത്തരത്തിൽ സൗജന്യ യാത്രാ പട്ടികയിൽപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി ദൈർഘ്യം</u>

7803 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി 15 വർഷത്തിൽ നിന്നും 20 വർഷമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ബസ്സുകളുടെ കാലാവധി 15 വർഷമാക്കി നിജപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ബസ്സുകളുടെ കാലാവധി കൂട്ടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യാത്രാ പാസ്

7804 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ ഏതെല്ലാം തരത്തിലുള്ള സൗജന്യ യാത്രാ പാസ്സുകളാണ് നിലവിൽ നൽകിവരുന്നത്; ഓരോന്നിന്റെയും പ്രത്യേകതകൾ വിശദമാക്കുമോ;

(ബി) എല്ലാ വിഭാഗങ്ങൾക്കും കൂടി നൽകിയിട്ടുള്ള പാസ്സുകളുടെ എണ്ണം ഓരോ വിഭാഗം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഒരേസമയം യാത്രാപാസ്സും ഔദ്യോഗിക വാഹനവും ഉപയോഗിക്കുന്ന എത്ര ജീവനക്കാർ കെ.എസ്.ആർ. ടി.സി യിലുണ്ട്; വിശദ വിവരം നൽകാമോ;

(ഡി) ഡ്യൂട്ടിക്ക് വരുന്നതിനും മടക്കയാത്രയ്ക്കും പാസ്സുള്ളവരെല്ലാം പാസഞ്ചർ വാഹനം മാത്രം ഉപയോഗപ്പെടുത്തുന്നതിനും പാസഞ്ചർ ഇതര കെ.എസ്.ആർ. ടി.സി വാഹനം ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പുതിയ ബസ്സുകൾ</u>

7805 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി പുതിയ ബസ്സുകൾ ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള ബസ്സുകൾ എത്രവീതമാണ് വാങ്ങിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന് ഓരോന്നിനും നിശ്ചയിച്ച തുക എത്രയാണെന്നും പ്രത്യേകം വിശദമാക്കുമോ;

(സി) ഈ ബസ്സുകൾ കർണ്ണാടകം, തമിഴ്നാട് സംസ്ഥാനങ്ങൾ വാങ്ങിച്ചിട്ടുള്ള തുക പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.ക്ക് പുതിയ ബസ്സും, സാമ്പത്തിക സഹായവും</u>

7806 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി എത്ര ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ടെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; ഓരോ വർഷത്തേയും കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായത്തിനായി ഓരോ വർഷവും ബജറ്റിൽ എത്ര തുകയാണ് പ്രഖ്യാപിച്ചത്; ഇതിൽ ഓരോ വർഷവും എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ബജറ്റ് പ്രഖ്യാപനത്തിന് പുറമെ സർക്കാർ എത്ര രൂപയുടെ സാമ്പത്തിക സഹായം കെ.എസ്.ആർ.ടി.സി.ക്ക് ഇതിനകം നൽകിയിട്ടുണ്ട്;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ സാമ്പത്തികസഹായമാണ് കെ.എസ്.ആർ.ടി.സി. ക്ക് ലഭിച്ചത്; ഓരോ വർഷവും ലഭിച്ച തുക വിശദമാക്കുമോ;

(എഫ്) കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്ര രൂപയാണ്; 2011 ഏപ്രിൽ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം എത്ര രൂപയായിരുന്നു;

(ജി) പെൻഷൻ ഉൾപ്പടെ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ഒരു മാസത്തെ ശരാശരി ചെലവ് എത്ര രൂപയാണ്; 2009,2010, വർഷങ്ങളിലെ ഒരു മാസത്തെ ശരാശരി ചെലവ് എത്ര രൂപയായിരുന്നു?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ

7807 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ ഉന്നമനം ലക്ഷ്യംവച്ച് 2001 മുതൽ എത്ര പഠനങ്ങൾ നടന്നിട്ടുണ്ട്;

(ബി) പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി യിലെ പ്രതിസന്ധി</u>

7808 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി യിൽ ശമ്പളവും, പെൻഷനും വിതരണം ചെയ്യുന്നതിൽ പ്രതിസന്ധി ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ;

(ബി) കുടുംബപെൻഷൻ ഉൾപ്പെടെ എത്ര പേർക്കാണ് പ്രതിമാസപെൻഷൻ അനുവദിക്കേണ്ടത്; ഇപ്പോൾ എത്ര ശതമാനം ക്ഷാമബത്തയാണ് പെൻഷൻകാർക്ക് നൽകുന്നത്;

(സി) കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിമാസ വരുമാനം എത്ര രൂപയാണ്; ശമ്പളയിനത്തിൽ ചെലവഴിക്കേണ്ടത് എത്ര രൂപയാണ്; ഓരോ മാസവും ലഭിക്കുന്ന വരുമാനം ചെലവഴിക്കപ്പെടുന്നത് ഏതൊക്കെ ഇനങ്ങളിലായാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.യിൽ മാത്രം മറ്റെല്ലാ ചെലവിനങ്ങൾക്കും വകമാറ്റിയശേഷം മാത്രം മതി പെൻഷനും, ശമ്പളവും എന്ന തീരുമാനിക്കുന്നത് എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(ഇ) ഈ നിലപാട് തിരുത്തി കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ശമ്പളം തടസ്സം കൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. മുൻ എം.ഡി. യുടെ റിപ്പോർട്ട്</u>

7809 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ തലപ്പത്ത് പ്രാവീണ്യമില്ലാത്തവരാണിരിക്കുന്നതെന്ന് മുൻ എം.ഡി. സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ടി റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദാംശം നൽകാമോ;

(സി) ഇപ്രകാരം സ്വീകരിച്ച നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. യ്ക്ക് ഉണ്ടായ പുരോഗതിയുടെ വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

7810 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ നിലവിൽ നടപ്പിലാക്കിവരുന്ന പെൻഷനുകളെ സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) 2014 ലെ ഓരോ മാസവും എത്ര രൂപാവീതമാണ് പെൻഷൻ നൽകുന്നത് ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ഫെയർസ്റ്റേജ് നിർണ്ണയം സംബന്ധിച്ച് ഉത്തരവുകൾ

7811 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഫെയർസ്റ്റേജ് നിർണ്ണയം നടത്തുന്നതിന് ആധാരമായ നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ പ്രസക്ത ഭാഗങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യവികസനത്തിനായി സെസ്</u>

7812 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് സെസ് ഏർപ്പെടുത്തുന്നതിലൂടെ സ്വരൂപിക്കുന്ന അധികതുക എപ്രകാരം വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) യാത്രക്കാരുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഇതിൽനിന്നും തുക വിനിയോഗിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നുള്ള പുതിയ ഷെഡ്യൂളുകൾ</u>

7813 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകളാണ് പുതിയതായി ആരംഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ ഏതെങ്കിലും സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) പുതിയ ഷെഡ്യൂളുകൾ ആരംഭിക്കണമെന്ന എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ഇരിട്ടി കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ ആരംഭിക്കാൻ നടപടി</u>

7814 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇരിട്ടി കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>നാട്ടിക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസ്</u>

7815 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന ഏതെല്ലാം കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസുകളാണ് റദ്ദാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) റദ്ദാക്കിയ ബസ്സ് സർവ്വീസുകൾ പുനഃരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വയലിടയിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസിന്റെ സമയമാറ്റം</u>

7816 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വയലിടയിലേക്ക് ദീർഘകാലമായി നടത്തിവരുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകളിൽ ജൂൺ 28 മുതൽ നടപ്പിലാക്കിയ മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കുന്ന ഷെഡ്യൂൾ മാറ്റം റദ്ദാക്കുന്നതിനും പഴയ സമയക്രമം പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ വയലിടയിൽ അവസാനിപ്പിക്കുന്ന റൂട്ട് മണിച്ചേരിവരെ നീട്ടുകയാണെങ്കിൽ ദിവസ വരുമാനത്തിൽ കാര്യമായ നേട്ടമുണ്ടാവുമെന്നത് പരിഗണിച്ച് ആയത് നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം</u>

7817 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഏതെല്ലാം വകുപ്പുകളുടെ എൻ.ഒ.സി.യാണ് പദ്ധതിക്ക് ലഭിക്കാനുള്ളത്; അത് ലഭിച്ചിട്ടുണ്ടോ;

(സി) പദ്ധതിയുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് കൂടുതൽ പുതിയ ബസ്സുകൾ</u>

7818 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി പുതുതായി വാങ്ങുന്ന 1500 ബസ്സുകൾ വിവിധ ഡിപ്പോകളിലേക്ക് നൽകുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യത്തിന് ബസ്സുകൾ ഇല്ലാത്ത കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് - ബാംഗ്ലൂർ കെ.എസ്.ആർ.ടി.സി. ബസ്സർവ്വീസ്

7819 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിന്നും ഒടംചാൽ, വെള്ളരിക്കുണ്ട്, ചെറുപുഴ, ഇരിട്ടി, മൈസൂർ വഴി ബാംഗ്ലൂരിലേക്കും തിരിച്ചും സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസിലെ ജീവനക്കാർക്ക് അനുവദിച്ച സ്റ്റിയറിംഗ് ഡ്യൂട്ടി എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) സ്റ്റിയറിംഗ് ഡ്യൂട്ടി അനുവദിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് എന്ന് വിശദമാക്കാമോ;

(ഡി) കാഞ്ഞങ്ങാട് - ബാംഗ്ലൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം</u>

7820 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ പെൻഷൻ പറ്റിയ എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് നാളിതുവരെയായും പൂർണ്ണമായും വിതരണം ചെയ്യാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് തീയതിവരെ റിട്ടയർ ചെയ്തവർക്കാണ് പൂർണ്ണമായും പെൻഷൻ നൽകിയിട്ടുള്ളത്;

(സി) ഇവർക്കുള്ള പെൻഷൻ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാർ</u>

7821 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. യിൽ ആകെ എത്ര സ്ഥിരം/ താല്ക്കാലികം/ദിവസവേതനം ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ് ബസുകൾക്ക് പെർമിറ്റ്</u>

7822 ശ്രീ. എം.എ. ബേബി
,, സാജുപോൾ
,, കെ. സുരേഷ്കുറുപ്പ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വകാര്യ ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ് ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയ തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക</u>

7823 ശ്രീ. എളമരം കരീം
,, എം. ഹംസ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ധനകാര്യ വർഷവും മോട്ടോർ വാഹന വകുപ്പ് ലക്ഷ്യമിട്ടിരുന്ന തുക വാഹന നികുതിയായും ഇതര നികുതി ഇനങ്ങളിലും പിടിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ വർഷവും ലക്ഷ്യമിട്ടിരുന്ന തുകയുടെയും പിരിച്ചെടുത്ത തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

വാഹന നികുതി അടയ്ക്കാൻ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്

7824 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ തീരുമാനം മൂലം ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാതിരിക്കുന്ന പ്രവണത വർദ്ധിക്കുകയും അപകടങ്ങൾ സംഭവിക്കുമ്പോൾ ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം</u>

7825 ശ്രീ. പി. എ. മാധവൻ
,, പാലോട് രവി
,, സണ്ണിജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാൻ സംസ്ഥാനതലസമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം യാത്രാ പ്രശ്നങ്ങൾക്കാണ് സമിതി പരിഹാരം കാണാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാൻ പദ്ധതി</u>

7826 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാനായി മോട്ടോർ വാഹന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ്

7827 ശ്രീ. വർക്കല കഹാർ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ആർ. സെൽവരാജ്
'' എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ് നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്നകാര്യം ആലോചിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങളിലെ കുറവ്</u>

7828 ശ്രീ. കെ. രാധാകൃഷ്ണന്‍
,, ജെയിംസ് മാത്യൂ
,, പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വര്‍ദ്ധിച്ചു വരുന്ന വാഹനാപകടങ്ങള്‍ കുറയ്ക്കുവാന്‍ സര്‍ക്കാര്‍ സ്വീകരിച്ച നടപടികളുടെ ഫലമായി വാഹനാപകടങ്ങള്‍ കുറവുണ്ടായെങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>തീവ്രതയേറിയ ഹോണുകൾ</u>

7829 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ മുൻഭാഗത്ത് ബോണറ്റിനു വെളിയിലായി തീവ്രതയേറിയ നിരവധി ഹോണുകൾ ഘടിപ്പിച്ച് കടുത്ത ശബ്ദ മലിനീകരിണമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള ഹോണുകൾ മറ്റു വാഹനമോടിക്കുന്നവരിൽ പരിഭ്രാന്തിയുണ്ടാക്കി അപകടങ്ങൾക്കിടയാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ മോട്ടോർ വാഹന നിയമം അനുശാസിക്കും പ്രകാരമുള്ള ഹോണുകൾ നിർബന്ധമാക്കുകയും ശബ്ദ തീവ്രത അളക്കുന്ന ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പെർമിറ്റില്ലാത്ത സ്വകാര്യബസ്സുകൾ</u>

7830 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ എത്ര സ്വകാര്യബസ്സുകൾക്ക് പുതുതായി ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് പെർമിറ്റ് നൽകി;

(ബി) ഇത്തരം പെർമിറ്റില്ലാത്ത ബസുകൾ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബോർഡുകൾ വച്ച് സർവ്വീസ് നടത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ഫ്ളക്സ് ബോർഡുകൾ മൂലമുള്ള അപകടങ്ങൾ</u>

7831 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലും കവലകളിലും വ്യാപകമായി ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാഴ്ച മറക്കുംവിധം വച്ചിട്ടുള്ള ബോർഡുകൾ നീക്കം ചെയ്യാൻ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ബോർഡുകൾ മൂലം ഉണ്ടായ അപകടങ്ങൾ എത്രയാണ്;

(ഡി) അപകടങ്ങളിൽ പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടേയും ജില്ല തിരിച്ചുള്ള വിശദവിവരം അറിയിക്കുക?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന വാഹനങ്ങൾ

7832 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കണക്കനുസരിച്ച് മോട്ടോർ തൊഴിലാളി ക്ഷേമനിധി അടച്ചതിനുശേഷം മാത്രം നികുതി സ്വീകരിക്കേണ്ടതായ എത്ര വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ നിയമനുസരിച്ച് വാഹനനികുതി അടയ്ക്കുമ്പോൾ ക്ഷേമനിധി വിഹിതം അടച്ച രസീതുകൂടി ഹാജരാക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ, ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടവയും എന്നാൽ അത് ചെയ്യാത്തതുമായ വാഹനങ്ങൾ നികുതി അടയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം നികുതിയടയ്ക്കുന്നതെങ്ങനെയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മോട്ടോർവാഹന വകുപ്പിനെ അഴിമതിരഹിതമാക്കാൻ നടപടി</u>

7833 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പിനു കീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാർ വ്യാപകമായി കടന്നുവരുന്നത് ഒഴിവാക്കുവാനും ജനങ്ങൾക്ക് ഓഫീസുകളിൽ നിന്നും നേരിട്ട് ലഭിക്കാവുന്ന സേവനങ്ങൾ ഇടനിലക്കാരിലൂടെ മാത്രമേ ലഭിക്കൂ എന്ന സാഹചര്യം അവസാനിപ്പിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ആർ.ടി. ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്തുന്നതിലൂടെ മാത്രം ഇടനിലക്കാരുടെ കടന്നുകയറ്റവും കൈക്കൂലിയും അഴിമതിയും മോട്ടോർ വാഹന വകുപ്പിൽ നിന്നും ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(സി) ജനങ്ങൾക്ക് താമസംകൂടാതെ സേവനം നേരിട്ട് ലഭിക്കുന്നതിനും കൈക്കൂലി ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ;

(ഡി) ആർ.ടി.ഓഫീസുകളുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും വിജിലൻസിന് റിപ്പോർട്ടുചെയ്യുവാനും അടിയന്തരമായ നടപടികളിലൂടെ വകുപ്പിനെ അഴിമതിവിമുക്തമാക്കുവാനും ടോൾഫ്രീ നമ്പർ സംവിധാനവും വെബ്സൈറ്റും ആരംഭിക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>ശബരിമല റോഡുകളിലെ സിഗ്നൽ ലൈറ്റുകൾ</u>

7834 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ശബരിമലയിലെ റോഡുകളിൽ ഭക്തരുടെ സുരക്ഷയ്ക്കായി സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും ഇത്തരത്തിലുള്ള എത്ര സിഗ്നൽ ലൈറ്റുകളാണ് ശബരിമല പാതയോരങ്ങളിൽ സ്ഥാപിച്ചതെന്നും അറിയിക്കുമോ;

(ബി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ ആകെ എത്ര രൂപയാണ് ചെലവായത്; ഏതു കമ്പനിക്കായിരുന്നു സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ കരാർ നൽകിയത്;

(സി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനുള്ള കരാറിൽനിന്നും കെൽട്രോണിനെ ഒഴിവാക്കാനുണ്ടായ കാരണം വിശദമാക്കുമോ;

(ഡി) സിഗ്നൽ ലൈറ്റിന്റെ ഘടകങ്ങൾ ഗുണനിലവാരമുള്ളവയാണെന്ന് സർട്ടിഫൈ ചെയ്തവയാണോ;

(ഇ) എങ്കിൽ ഈ ലൈറ്റുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്നുള്ള പരാതിയിന്മേൽ എന്തെല്ലാം അന്വേഷണ നടപടികളാണ് സ്വീകരിച്ചതെന്നും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>ജലഗതാഗതം ശക്തിപ്പെടുത്താൻ നടപടി</u>

7835 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിൻകീഴിൽ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുണ്ടെന്ന് അറിയിക്കുമോ;

(ബി) ബോട്ട് സർവ്വീസ് ലാഭകരമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഉൾനാടൻ ജലഗതാഗതം ശക്തിപ്പെടുത്തുന്നതിന് കനോലി കനാൽ മുഖേനയുള്ള ബോട്ട് ഗതാഗതം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>യാത്രാബോട്ടുകളുടെ തകരാറുകൾ പരിഹരിക്കാൻ നടപടി</u>

7836 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബോട്ട്യാഡുകളിൽ തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി കയറ്റുന്ന ജലഗതാഗത വകുപ്പിന്റെ യാത്രാബോട്ടുകൾ ആഴ്ചകളും മാസങ്ങളും കഴിഞ്ഞാലും തകരാറുകൾ പരിഹരിച്ച് സർവ്വീസിന് സജ്ജമാക്കുവാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) റിപ്പയർ ചെയ്യുന്നതിന് ബോട്ട്യാഡുകളിൽ പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ കുറവുണ്ടെന്നതും ആവശ്യമായ സ്പെയർപാർട്സുകളില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2014 ജൂലൈ 06.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.